**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 152** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പാറശ്ശാല നിയോജകമണ്ഡലത്തിലെ ദേവസ്വം ഭൂമികളുടെ സംരക്ഷണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല നിയോജകമണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലും നിയന്ത്രണത്തിലുമുള്ള ക്ഷേത്രങ്ങളുടെ ഭൂമികൾ സംരക്ഷിക്കുന്നതിനായി നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് ക്ഷേത്രം തിരിച്ച് വിശദമാക്കുമോ;

**<u>മറുപടി:</u>** ദേവസ്വം വക ഭൂമിയിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്ക് റവന്യൂ വകുപ്പിന്റെ 07.10.2008ലെ GO (Ms) No.334/2008/RD നമ്പർ ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം 15.10.2008 മുതൽ പ്രവർത്തിച്ചുവരുന്നു. ദേവസ്വത്തിന് അന്യാധീനമായ ഭൂമികൾ തിരിച്ചുപിടിക്കുന്നതിന് ടി കാര്യാലയം മുഖാന്തിരം നടപടി സ്വീകരിച്ചുവരികയും, കൂടാതെ അന്യകൈവശത്തിലായിട്ടുള്ള ക്ഷേത്രഭൂമികൾ തിരിച്ചുപിടിക്കുന്നതിന് കോടതി വ്യവഹാരങ്ങൾ നടന്നുവരികയും ചെയ്യുന്നു.

**(ബി)** പ്രസ്തുത ക്ഷേത്രങ്ങളുടെ അധീനതയിലുണ്ടായിരുന്ന ഭൂമിയിൽ അന്യാധീനപ്പെട്ടതായി ബോർഡിന്റെ രേഖകളിൽ കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം, ക്ഷേത്രം തിരിച്ച് സർവേ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സഹിതം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** അന്യാധീനപ്പെട്ടതായി ബോർഡിന്റെ രേഖകളിൽ കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം, ക്ഷേത്രം തിരിച്ച് സർവേ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങളും ഭൂമി സംരക്ഷിക്കുന്നതിനും ഭാവിയിൽ അന്യാധീനപ്പെടുന്നത് തടയുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

<u>വെയിലകം ദേവസ്വം</u> : രേഖകളിൽ 2 ഏക്കർ 26 സെന്റ് സ്ഥലം ഉള്ളതായി കാണുന്നു. നിലവിൽ ക്ഷേത്രമിരിപ്പ് സ്ഥലം ഏകദേശം 5 സെന്റ് മാത്രമായി കാണുന്നുയെന്നും രേഖപ്പെടുത്തിയിട്ടുള്ളതാണ്. സർവ്വെ നം.91/15, 91-15/34, 93-7/16/17.

<u>പുതുക്കുളം ദേവസ്വം</u> :- ഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ കേസ് നടന്നുവരുന്നു.

1) കേസ് നം OS.570/14 മേരി ഫ്ളോറൻസ് V/s TDB

2) കേസ് നം. OS.570/14 മോഹൻ V/s TDB

3) കേസ് നം. OS.573/14 സരസമ്മ V/s TDB

4) കേസ് നം. OS.574/14 ജയകുമാർ V/s TDB

<u>പച്ചയും ദേവസ്വം</u> :- ടി ദേവസ്വം വസ്തു സംബന്ധിച്ച് നെയ്യാറ്റിൻകര മുൻസിഫ് കോടതി മുമ്പാകെ OS.228/70 നമ്പരായി കോടതി വ്യവഹാരം നടന്നുവരുന്നതും WP(C) 8893/2012 റിവിഷൻ ഹർജിയിൽ ഡിപ്പാർട്ട്മെന്റിന് അനുകൂലമായ വിധി ഉണ്ടായിട്ടുണ്ടെങ്കിലും എതിർ കക്ഷി <u>ബഹു:</u> ഹൈക്കോടതിയിൽ അപ്പീൽ പോയിട്ടുള്ളതും MJC/41/2022 നമ്പരായി വ്യവഹാരം നടന്നുവരുന്നതുമാണ്.

<u>തൃപ്പലവൂർ ദേവസ്വം</u> :- ടി ദേവസ്വം വസ്തുവിനെ സംബന്ധിച്ച് നെയ്യാറ്റിൻകര മുൻസിഫ് കോടതി മുമ്പാകെ OS.296/2014 നമ്പരായി കോടതി വ്യവഹാരം നടന്നുവന്നിരുന്നതും ദേവസ്വത്തിന് അനുകൂലമായി വിധി ഉണ്ടായിട്ടുള്ളതും എന്നാൽ എതിർ കക്ഷി അപ്പീൽ നൽകിയിട്ടുള്ളതുമാണ്.

<u>വാഴിച്ചാൽ ദേവസ്വം</u> :- ടി ദേവസ്വം വസ്തുക്കളെ സംബന്ധിച്ച് നിലവിൽ രണ്ട് വ്യവഹാരങ്ങൾ നടന്നുവരുന്നു. നെയ്യാറ്റിൻകര അഡീഷണൽ മുൻസിഫ് (II) മുമ്പാകെ OS.1152/2011 നമ്പരായി ദേവസ്വം അഡ്വ: പത്മകുമാറിന്റെ കീഴിൽ വ്യവഹാരം നടന്നുവരുന്നു. എതിർ കക്ഷി ഇൻഡ്യൻ ഇവാഞ്ചലിക്കൽ ലൂഥറൻ ചർച്ച്. കൂടാതെ, നെയ്യാറ്റിൻകര അഡീഷണൽ മുൻസിഫ് (I) മുമ്പാകെ OS.147/2020 നമ്പരായി വ്യവഹാരം നടന്നുവരുന്നു.

<u>കോളൂർ, തോന്നമലക്കാവ് ദേവസ്വം</u> :- കോടതി വ്യവഹാരം നടന്നുവന്നിരുന്നതും എതിർ കക്ഷിയ്ക്ക് അനുകൂലമായി വിധി ഉണ്ടായിട്ടുള്ളതുമാണ്.

<u>ആങ്കോട് ദേവസ്വം</u>:- കോടതി വ്യവഹാരം നടന്നുവന്നിരുന്നതും ഡിപ്പാർട്ട്മെന്റിന് അനുകൂലമായി വിധി ഉണ്ടായിട്ടുള്ളതുമാണ്. ദേവസ്വം വസ്തു അന്യാധീനപ്പെട്ടുപോയിട്ടില്ല.

<u>രാമപുരം ദേവസ്വം</u>:- കോടതി വ്യവഹാരങ്ങളിൽപ്പെട്ട് വസ്തുക്കൾ അന്യാധീനപ്പെട്ടുപോയിട്ടുള്ളതാണ്.

പരശുവയ്ക്കൽ, തെക്കുംകര, കുരുന്തിയൂർ, മേയ്ക്കൊല്ല, അയ്യൻകുഴി, ദേവേശ്വരം, ചെഴങ്ങന്നൂർ, മാണിനാട്, ശങ്കരനാരായണപുരം, തൃക്കണ്ണാപുരം, മങ്കാരമുട്ടം, മുര്യങ്കര, മാവേലികണ്ഠൻ, ഐയ്ൻഗാമം, പൊഴിയൂർ, വെള്ളറട, പുകിലന്തറ, കോയിക്കൽ, കുറുംകുട്ടി, വെയിലകം, പുതുകുളം, നീലകണ്ഠേശ്വരം, കാന്തള്ളൂർശാല, കാവ് വിള ഒറ്റശേഖരമംഗലം, പഴമല തുടങ്ങിയ ദേവസ്വങ്ങളുടെ ഭൂമി അന്യാധീനപ്പെടാതെ അടമാനം വരുത്തി സംരക്ഷിച്ചുപോരുന്നു.

**(സി)** അന്യാധീനപ്പെട്ടതായി കണ്ടെത്തിയിട്ടുള്ള ദേവസ്വം ഭൂമികൾ തിരിച്ചുപിടിക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് റവന്യൂ, തദ്ദേശസ്വയംഭരണം ഉൾപ്പെടെയുള്ള ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** അന്യാധീനപ്പെട്ട ദേവസ്വം ഭൂമികൾ വീണ്ടെടുക്കുന്നതിനായി നിലവിൽ കോടതികളിൽ കേസുകൾ, റവന്യൂ നടപടികൾ, മറ്റ് നിയമനടപടികൾ എന്നിവ നിലവിലുണ്ടെങ്കിൽ അവയുടെ ക്ഷേത്രം തിരിച്ചുള്ള വിശദാംശങ്ങളും, ഭൂമി സംരക്ഷിക്കുന്നതിനും ഭാവിയിൽ അന്യാധീനപ്പെടുന്നത് തടയുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികളും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**